പെരിയാർ പാട്ടക്കരാർ പ്രകാരം ലഭിച്ച പാട്ടതുക

69 (70) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് തമിഴ്നാട്ടിൽ നിന്നും പെരിയാർ പാട്ടക്കരാർ പ്രകാരം ലഭിച്ച പാട്ടത്തുകയും വൈദ്യുതി ഉൽപാദന പ്രതിഫലവും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 1886 -ലെ പെരിയാർ പാട്ടക്കരാറിൽ ഇല്ലാത്ത കാര്യങ്ങൾ രേഖയിൽ വന്നതിനെ സംബന്ധിച്ച് നടത്തിയ പരിശോധനാ വിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ ഒഴുകിവരുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. ഈ മൂല കരാറിലോ 1970-ലെ അനുബന്ധകരാറിലോ മധുര ജില്ലയിൽ മാത്രമേ മുല്ലപ്പെരിയാർ ജലം ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. എന്നാൽ പെരിയാർ ആർബ്രിട്രേഷൻ ട്രൈബ്യൂണലിന്റെ ബോർഡിൽ മധുരജില്ലയ്ക്ക് ജലസേചനത്തിന് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പറമ്പിക്കുളം-അലിയാർ കരാർ

70 (71) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-അലിയാർ കരാറിനെ സംബന്ധിച്ച ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ 23-ാം യോഗതീരുമാനമായ അപ്പർ നീരാർ ജലം കേരളത്തിന് മണക്കടവിൽ നൽകാമെന്നത് നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; ആരെല്ലാമാണ് തമിഴ്നാടിന് വേണ്ടി പ്രവർത്തിച്ചതെന്ന് പേരുവിവരം സഹിതം വ്യക്തമാക്കുമോ ;

(ബി) പറമ്പിക്കുളം-അലിയാർ കരാർ രണ്ടാം ഷെഡ്യൂൾ ഖണ്ഡികയില്ലാതെ രണ്ടാം ഷെഡ്യൂൾ 3-ാം ഖണ്ഡികയുടെ ജല ബാഷ്പീകരണ വിശദീകരണക്കുറിപ്പിന്റെ അടിസ്ഥാനത്തിൻ തമിഴ്നാടിന് പറമ്പിക്കുളത്തുനിന്നും ജലം അനുവദിച്ച ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിലെ കേരള പ്രതിനിധികളുടെ പേരും ഇപ്പോഴത്തെ വിലാസവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1978 ഫെബ്രുവരിയിൽ 106 ടി.എം.സി. ഫീറ്റ് ജലം അപ്പർ നീരാറിൽ നിന്ന് മണക്കടവിൽ ലഭിച്ചിരുന്നു.

---

† അനുബന്ധം - XX

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലബാഷ്പീകരണ വിശദീകരണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വാട്ടർ അക്കൗണ്ടുകൾ ജെ.ഡബ്ലിയു..ആർ. ബോർഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഏതെങ്കിലും കാലഘട്ടത്തിലെ ജെ.ഡബ്ലിയു.ആർ ബോർഡ് അംഗങ്ങൾക്ക് മാത്രമായി ഇതിന്റെ ചുമതല ഉള്ളതായി കണക്കാക്കാനാവില്ല.

ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് കൊടുത്ത നടപടി

71 (72) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് വാടകയ്ക്കോ പാട്ടത്തിനോ താൽക്കാലിക ഉപയോഗത്തിനോ വിട്ടുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്കെന്ന് വിശദീകരിക്കുമോ ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ ഹൗസ് വാടകയ്ക്കോ പാട്ടത്തിനോ ലഭിക്കാനായി ആരൊക്കെ എന്തെല്ലാം അപേക്ഷ നൽകിയിരുന്നു ;

(ഡി) ഇതിൽ കൈരളി ചാനലിന്റെ ആവശ്യത്തിന് ട്രാവൻകൂർ ഹൗസ് പൂർണ്ണമായോ ഭാഗികമായോ വിട്ടുകൊടുത്തിട്ടുണ്ടോ ;

(ഇ) ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് നൽകണമെന്ന് കൈരളി ചാനൽ ആവശ്യപ്പെടുന്നതിന് മുമ്പ് ഈ ആവശ്യം ഉന്നയിച്ച് അപേക്ഷിച്ചവരുടെ അപേക്ഷ തള്ളിയത് എന്തെല്ലാം കാരണത്തിന്മേലായിരുന്നുവെന്ന് പറയുമോ ;

(എഫ്) എത്ര സ്ക്വയർമീറ്റർ സ്ഥലമാണ് ട്രാവൻകൂർ ഹൗസിൽ നിന്ന് കൈരളി ചാനലിന് നൽകിയത് ;

(ജി) എത്ര കാലത്തേയ്ക്ക് എന്ത് വാടകയ്ക്കാണ് ട്രാവൻകൂർ ഹൗസിൽ നിന്ന് കൈരളി ചാനലിന് സ്ഥലം നൽകിയത് ;

(എച്ച്) ആരാണ് ഈ വാടക നിശ്ചയിച്ചത് ; ഈ വാടക നിശ്ചയിക്കുന്നതിന് സ്വീകരിച്ച തത്വങ്ങൾ എന്തെല്ലാം ;

(ഐ) ഈ വാടക കുറഞ്ഞുപോയതായി ആരോപണം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതേപ്പറ്റി അന്വേഷിച്ച് പരിഹാരമുണ്ടാക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്തെ മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന് ട്രാവൻകൂർ ഹൗസ് കെട്ടിടത്തിലെ 2500 ചതുരശ്ര അടി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly